



# DIGITAL MAGAZINE
# NSS HSS VARAPPETTY
# 2019

# INDEX

| | |
|---|---|
| വാക്കുകളുടെ ശക്തി | 3 |
| അവൾ | 4 - 6 |
| അന്ന് എന്റെ കുട്ടിക്കാലം നഷ്ടമായി | 7 |
| FLOOD A REMEMBRANCE | 8 |
| THE ROSE | 9 |
| നെല്ലിയ്ക്ക | 10 |
| സർഗസൃഷ്ടികൾ | 11 |

# വാക്കുകളുടെ ശക്തി



ഈ കഥതുടങ്ങുന്നത് 1990 ൽ ആണ് ചെരുപ്പുകുത്തിയുടെ മകനായി ജനിച്ച ഉണ്ണി പല ജഹീവിതസന്ദര്ഭങ്ങളിലും തലതാഴ്ത്തി നില്ക്കാൻ ഇടയായിട്ടുണ്ട്.സ്കൂളിൽ പഠിക്കാൻ അവൻ പിന്നിലായിരുന്ന ചെരുപ്പുകുത്തിയുടെ മകനായതുകൊണ്ട് കുട്ടികൾ അവനെ ഒറ്റപ്പെടുത്തി .പതിയെ പതിയെ ഒറ്റപേടുത്താൽ മനസിലാക്കിയ ഉണ്ണി ചെരുപ്പുകുത്തിയായ അച്ഛനെയും വീട്ടുജോലിക്കാരിയായ അമ്മയെയും അവൻ വെറുത്തു. അങ്ങനെ ഇരിക്കെ ഒരു ദിവസം വൈകിട്ട് സ്കൂൾ വിട്ടുവരുന്ന സമയത് അവൻ കണ്ടത് തെരുവിൽ ചെരുപ്പുകുത്തുന്ന അവന്റെ അച്ഛനെയാണ് .അവനെ കണ്ട അച്ഛൻ അവനെ അടുത്തേക്കെ വിളിച്ചു .
"മോനെ ഇങ്ങു വന്നേ അതുകേട്ടു അവന്റെ ചങ്ങാതിമാർ അവനെ നോക്കി അവന്റെ അച്ഛൻ കേൾക്കാതെ അവർ അവനെ കളിയാക്കി . അതുകേട്ടു അവൻ കരഞ്ഞുകൊണ്ട് അവന്റെ അച്ഛനെ നോക്കാതെ മുഖം തിരിച്ചു നടന്നു.അവന്റെ അച്ഛൻ അതുകണ്ടു വിഷമം മനസ്സിൽ ഒളിപ്പിച്ചു തന്റെ ജോലി ചെയ്യാൻ തുടങ്ങി.വീട്ടിൽ ചെന്നപ്പോൾ ഉണ്ണിയെ ചേർത്തുപിടിച്ചു അച്ഛൻ പറഞ്ഞു "മോനെ എനിക്കെ വിദ്യാഭാസം ഇല്ലാത്തതിനാൽ എനിക്കെ ചെരുപ്പുകുത്തിയാകാനേ കഴിയുള്ളു .........അതുകൊണ്ട് മോനെ പഠിക്കണം വിദ്യാഭാസം ഉണ്ടെങ്കിലേ എല്ലാവരും നമ്മെ വിലയിരുത്തുകയൊള്ളു ......."നീ അരായി ജാനിച്ചു എന്നുള്ളതിലല്ല അരായി തീർന്നു എന്നതിലാണ് കാര്യം".അതെ അവന്റെ മനസ്സിൽ തങ്ങിനിന്നു.അങ്ങനെ അവൻ പഠിക്കാൻ ആരംഭിച്ചു.ക്ലാസ്സിൽ അവൻ മൂന്നാംനായി,രണ്ടാമനായി,പിന്നെ ഒന്നാമനായി .അങ്ങനെ ക്ലാസ്സിൽ അവൻ ഒന്നാമനായി.ഇപ്പൊ വര്ഷം 2018 വയസ്സ് 28 ഉണ്ണി ഇപ്പൊൾ എൻ എസ് എസ് എച് എസ് എസ് വാരപ്പെട്ടി സ്കൂളിലെ സംസ്കൃതം അധ്യാപകനായി ജോലി ചെയ്യുന്നു. ഇപ്പോളും ഉണ്ണി അവന്റെ അച്ഛന്റെ വാക്കുകൾ അവന്റെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല

"വാക്കുകൾക്ക് അഗ്നിയുടെ ശക്തിയാണ് "

**by അജയ് & കാശി 8B**

# അവൾ



കൂട്ടുകാരേ എന്നെ മനസ്സിലായോ? ഞാൻ തന്നെ എന്നെ പരിചയപ്പെടുത്താം. ഞാനാണ് ഫലങ്ങളുടെ രാജാവ് , മാങ്ങ. എന്നെ നിങ്ങൾ കുട്ടിമാവ് എന്നു വിളിച്ചോളൂ. നിങ്ങൾക്കെല്ലാവർക്കും ഒരു ബാല്യകാലമുണ്ടായിരിക്കുമല്ലോ ? എനിക്കുമുണ്ട്. ഒരുപാട് പറയാനുണ്ട് എന്റെ ബാല്യകാലത്തെപ്പറ്റി. സ്വപ്നങ്ങൾ നമ്മളെ മുന്നോട്ട് നയിക്കുംതോറും ഓർമ്മകൾ നമ്മളെ പിന്നോട്ടു വലിക്കുന്നു. വലിയ രസമാണ് എന്റെ കഥ കേൾക്കാൻ. എനിക്കൊരു കൂട്ടുകാരിയുണ്ടായിരുന്നു , ശ്രീക്കുട്ടിയെന്നാ പേര്. ശ്രീയെന്നു വിളിക്കുന്നതാണവൾക്കിഷ്ടം. പാവമാ...പക്ഷെ ദേഷ്യം വന്നാ പിടിച്ചാൽ കിട്ടുകേലാ... അവളാണ് എന്നെ വളർത്തിയത്. എപ്പോഴോ ഏതോ ഒരു കുറുമ്പൻകാക്ക കൊത്തിയിട്ടിട്ടുപോയ ഒരു പാവം മാങ്ങയണ്ടിയാണ് ഞാൻ . പക്ഷെ ശ്രീക്കുട്ടി എന്നെ പൊന്നുപോലെ നോക്കിയതിനാൽ വിഷമങ്ങൾ ഞാൻ മറന്നുപോയിരുന്നു.

അവൾക്കെന്നെ കിട്ടിയപ്പോൾ ആദ്യം അവളുടെ അഛന്റെ കൈയിൽ കൊടുത്തു. പിന്നെ എന്നെ കുഴിച്ചിട്ടു. എനിക്ക് വെള്ളവുമൊക്കെ തരുമായിരുന്നു. അവൾ എന്നെ തിരിഞ്ഞുനോക്കുകയില്ലാന്നാണ് ഞാൻ  കരുതിയത്. പക്ഷെ അവൾ ദയാലുവാ. എന്നെ കാണുവാൻ അവൾ വരുമായിരുന്നു, മിണ്ടുമായിരുന്നു. അങ്ങനെ എന്റെ ആദ്യത്തെ തളിരില കൺതുറന്നു. മഞ്ഞു തുള്ളികൾ വീണു കുതിർന്നു എന്റെ ശരീരത്തെ ചൂടേൽപ്പിക്കാനായി ഇളംവെയിൽ ഓടിയെത്തി. ഈറനോടെ ഞാൻ കണ്ണുതുറന്നപ്പോൾ ആദ്യം കണ്ടത് ആ കുറുമ്പുകാക്കയെയാണ്. ദുഷ്ടി.... അവൾ കാരണം ഞാൻ വേദനിച്ചുയെങ്കിലും അവൾ ഇങ്ങനെ ചെയ്തില്ലായിരുന്നുയെങ്കിൽ ഞാൻ എവിടെകിടന്നേനെ. എന്റെ ശ്രീകുട്ടിയെ കാണാൻ പറ്റില്ലായിരുന്നു. എന്നാലും കുറച് ദേഷ്യമുണ്ട്. നേരം ഒരുപാടായിട്ടും ശ്രീക്കുട്ടി എഴുന്നേറ്റില്ല. പാവം

ഉറങ്ങുകയാവും. അവൾ അങ്ങനെ എഴുന്നേറ്റു. ആദ്യമൊന്ന് അത്ഭുതപ്പെട്ടു എന്നെക്കണ്ട്. അവളുടെ സന്തോഷം കണ്ടാൽ ഏതൊരു മാവിനും സ്വയമേ ഒന്ന് പൂത്തുലഞ്ഞു നില്ക്കാൻ തോന്നുമായിരുന്നു. കാലങ്ങൾ കഴിഞ്ഞുപോയി.... ഇപ്പം ഞാൻ പണ്ടത്തെ കുട്ടിമരമൊന്നുമല്ല.... വലുതായി ഒരുപാട് ഇലകളൊക്കെയുണ്ട്... ഈ വർഷം ഞാൻ പൂക്കും.... ശ്രീകുട്ടിക്കും മാറ്റം വന്നിട്ടുണ്ട്... അവൾ ഇപ്പം പണ്ടത്തേക്കാളും ദേഷ്യക്കാരിയായിയെന്ന് തോന്നാറുണ്ട്., മൂക്കാത്ത ശുണ്ഠി. പക്ഷെ ഒരുപാട് ദേഷ്യപ്പെടുന്നവരുടെ മനസ് ശുദ്ധമായിരിക്കും അവളുടെ മനസ്സും വെറും ശുദ്ധമാ..

അങ്ങനെ ഞാൻ പൂവിട്ടു ...അവളത് കൺനിറയെ കണ്ടാഘോഷിച്ചു. ആ

ആഘോഷത്തിനു പിന്നിൽ ഒരു ദുരന്തവുമുണ്ടായിരുന്നു. സൂര്യകിരണ -ങ്ങൾ എന്റെ പൂവിൽ വന്ന് തട്ടി പ്രതിഫലിച്ചു .അവളുടെ പുഞ്ചിരി എന്റെ കൈകളിലായി . അവർ ഊഞ്ഞാലാടി രസിച്ചനാളുകൾ.. . എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു.ഗുരുവയൂരിലേക്കു പോവാനുള്ള തിരുമാനത്തിലായിരുന്നുവെല്ലാവരും. അവളുടെ സന്തോഷമാണല്ലോഎന്റേതും . അവളും പോവാൻ തീരുമാ നിച്ചു എല്ലാരും ഒരു വണ്ടി വിളിച്ചു പോവാനൊരുങ്ങി.ശ്രിക്കുട്ടി എന്നെ വന്നു കണ്ടു."ഞാൻ വരും, പെട്ടെന്നു വരും" എന്ന് കെട്ടിപ്പിടിച്ചു പറഞ്ഞു .പക്ഷെ....അവൾ പോയത് ദൈവത്തിന്റെ തൃപ്പാത ങ്ങളിലേക്കായിരുന്നു. അവൾ സഞ്ചരിച്ച വണ്ടി അപക ടത്തിൽപ്പെട്ടു. ശ്രീക്കുട്ടി പോയി...വൈകുന്നേരമായ പ്പോൾ ഒരാൾക്കൂട്ടം കണ്ട് എത്തി നോക്കിയ ഞാൻ കണ്ടത് എന്റെ ശ്രിക്കുട്ടിയുടെ മൃതശരീരമായിരുന്നു.ഞാൻ എത്ര കാരഞ്ഞമവെന്നതിൽ കണക്കില്ല കരഞ്ഞു വിളിച്ചാലും എന്തേ ദൈവം കേൾക്കാത്തത്.

പോയിലെ അവൾ...കൊണ്ടുപോയില്ലേ അവളെ...ചെദനമ്മറ്റ ശരിരത്തെ തലോടാം..അഗ്നിയിൽ വെന്തുരുകാം...അവളുടെ അച്ഛനും അമ്മയും അപ്രതിക്ഷിതമായി രക്ഷപെട്ടത്ഒരുപക്ഷേ സ്വന്തം മകൾ പറക്കമുറ്റാത്ത പ്രായത്തിൽ ചിതയിൽ കിടകുന്നതു കാണാനാവും.എന്നെ വെട്ടി-ത്തമടങ്ങിയപ്പോഴും ശികരങ്ങൾ മുരിച്ചപ്പോഴും വേദനിചില്ലയെനിക്ക് .... അപ്പോഴും അവളആയിരുന്നു എൻറെ മനസ്സിൽ .അങ്ങനെ എന്നെ വെട്ടി കഷ്ണങ്ങളാക്കി.

ബലി കർമ്മങ്ങൾ കഴിഞ്ഞു . ആവല്ലേ ചിതയിലേക്ക് കിടത്തി..എൻറെ ശരീരത്തിൽ അവളുടെ കരസ്പർശത്തിന്റെ ചൂടേറ്റതാണ് ഇന്നലെവരെ..ഇന്ന്അനക്കമില്ലാതെ

കിടക്കുന്ന അങ്ങനെ തീകൊളുത്തി അപ്പോഴും വേദനിക്കാതെ ഞാൻ ഇരുന്ന ഞാൻ ഉണ്ടായിരുന്ന അവളുടെ കൂടെ ..... വെറും പാരമായ് തീർന്ന ഞങ്ങൾക്ക് ഒത്തിരി ഓർമകൾ ഉണ്ടായിരുന്ന അപ്പോഴും .......ബലിച്ചോറ് വച്ച് നനഞ്ഞ കൈകൊണ്ട് കൊട്ടിയപ്പൊഴും കാക്കകൾ വന്ന .ഒരു പക്ഷേ അതായിരിക്കാം എന്റെ വിധി .....ശ്രീകുട്ടിയുടേതും............

# അന്ന് എന്റെ കുട്ടിക്കാലം നഷ്ടമായി

ഗൗരി നന്ദന . ബി 7A

അന്ന് ഒരു മഴക്കാലമായിരുന്നു. മഴ തോരാൻ ഞാൻ കാത്തിരുന്നു. പറമ്പിൽ കുട്ടികൾ എല്ലാവരും
മഴയത്ത് കളിക്കുന്നത് ഞാൻ നോക്കിയിരുന്നു. എന്നെ 'അമ്മ മഴയത്ത് കളിക്കാൻ വിടില്ല .അതിന്റെ വിഷമത്തിലായിരുന്നു ഞാൻ .അത് പറഞ്ഞു അവിടെ കളിച്ചു കൊണ്ടിരുന്ന ഒരു കുട്ടി എന്നെ കളിയാക്കി .ആ ദേഷ്യം ഞാൻ എന്റെ ചക്കി പൂച്ചയോടുയിത്തീർത്തു പാവം ചക്കി ചക്കി ഞാൻ അതിനെ എന്തോരും അടിച്ചു .മഴ തീർന്നു . അവധിയും കഴിഞ്ഞു ഞാൻ സ്കൂളിൽ പോകുവാൻ ഒരുങ്ങുന്നു പരീക്ഷയുടെ മാർക്ക് ഇന്ന് കാണിക്കും മഴയത്ത് കളിച്ചവരേക്കാളും മാർക്ക് എനിക്ക് തന്നെ എന്ന ഉറച്ച വിശ്വാസത്തോടെ ഞാൻ സ്കൂളിൽ പോയിഅന്ന് തന്നെയായിരുന്നു പരെന്റ്സ് മീറ്റിംഗ് എന്റെ 'അമ്മ വന്നു എന്റെ ക്ലാസ് ടീച്ചർ മാർക്ക് അമ്മയെ കാണിച്ചു എനിക്ക് എല്ലാ വിഷയത്തിനും 100/100 മാർക്ക് ഉണ്ടായിരുന്നു . എനിക്ക് സന്തോഷമായിരുന്നു അങ്ങനെ ഞാൻ ഒരു പുസ്തക പുഴു ആയി തീർന്നു. ഞാൻ 10 -ക്ലാസിൽ പഠിക്കുകയായിരുന്നു .എല്ലാ പരീക്ഷയിലും ഞാൻ ക്ലാസ്സിൽ ഫസ്റ്റ്. എസ് എസ് എൽ സീ ക്കും എനിക്ക് ഫുൾ എ+.അങ്ങനെ എനിക്ക് ഇന്ത്യയിൽ ഒന്നാമതായി ഒരു കമ്പനിയിൽ ജോലി നോക്കി .പക്ഷെ എനിക്ക് ഒരു കുഴപ്പം മാത്രം ഉണ്ടായിരുന്നുള്ളു ,മറ്റുള്ളവരോട് എങ്ങനെ പെരുമാറണം എന്ന് ഞാൻ പഠിച്ചില്ല.അത് എന്നെ താഴോട്ടെത്തിച്ചു.കമ്പനിയുടെ മാനേജരായി ജോലി ചെയ്തു ഞാൻ ഇപ്പോൾ അവിടുത്തെ വെറും സ്റ്റാഫ് മാത്രം.പിന്നെ ആണ് എനിക്ക് മനസിലായത് എന്നെ 'അമ്മ കളിയ്ക്കാൻ വിടുമായിരുന്നില്ല. അന്നെ എന്റെ ബാല്യത്തിൽ ഞാൻ കളിക്കുകയാണെങ്കിൽ എനിക്ക് ഇപ്പോൾ മാനേജർ എന്ന പദവി എനിക്കെ നിലനിർത്തമായിരുന്നു.വെറും ഒരു പുസ്തകപ്പുഴുവായിരുന്ന ഞാൻ വെറും തെറ്റായ മാറി ആ മഴയത്തു കളിച്ച എന്റെ അന്നത്തെ ശത്രു എപ്പോൾ എന്റെ മാനേജർ അങ്ങനെ എന്നേക്കാൾ മുന്നിലെ പദവി താങ്ങി അവർ പഠിക്കുമായിരുന്നു. അവർ കളിക്കുകയും നാട് ചുറ്റി കാണുകയും ചെയ്തു .മറ്റുള്ളവരുമായി നന്നായി ഇടപെടാനും പേടിച്ചു . എപ്പോൾ എനിക്ക് മനസ്സിലാവുന്നു എന്റെ തെറ്റ് അങ്ങനെ അന്ന് എന്റെ കുട്ടികാലം എനിക്ക് നഷ്ടമായി.

" ഒരു കുട്ടികളുടെയും ബാല്യകാലം നഷ്ട്ടപ്പെടുത്തരുതേ"

എന്നാണിപ്പോൾ എന്റെ പ്രാർത്ഥന

# Flood a Remembrance









# THE ROSE



Iam the beauty
that all loved
The nature adorn herself by me
I have many faces
that you know
I am a Rose.

Red, rose, yellow are
my  colours
happy that God
gifted me.

The rain falls then I am
happy like a child
when water drops touch my face
I feel cool.

**Arundhathy. R. Nair**

# നെല്ലിക്ക

ഐശ്വര്യ സുരേഷ 9 A



പച്ചപുതുനെല്ലിൻ നിറമുള്ള കൊച്ചു
നെല്ലിക്ക ഞാൻ കണ്ടു....
ആ രാത്രി മഞ്ഞിൻ തണുപ്പിൻ
നിറമുള്ള കൊച്ചു നെല്ലിക്ക ഞാൻ കണ്ടു...

നീലനിലാവിന്റെ രാവിൽ തെളിഞ്ഞൊരാ
പൂക്കുന്ന നെല്ലി ഞാൻ കണ്ടു...
വേരിന്റെ കായ്കൊണ്ടു വിടർന്നൊരു
പൂക്കുന്ന നെല്ലിതൻ വേരിൽ
തലോടി ഞാൻ നിന്നു നിന്നു...

# സർഗ്ഗസൃഷ്ടികൾ







